➪ കേരള മോഡൽ വികസനത്തിന് വികൃതമായ മറ്റൊരു മുഖമുണ്ടെന്നത് ലജ്ജാകരമാണ് ➪

**ഒക്ടോബർ 15, 16 തീയതികളിൽ തൃശൂരിൽ നടന്ന ഭൂ അധികാര കൺവൻഷനിൽ വച്ച് ജിഗ്നേഷ് മേവാനി നടത്തിയ സമരപ്രഖ്യാപനത്തിന്റെ പൂർണ്ണരൂപം**

# ജാതിക്കോളനികൾ ഇല്ലായ്മ ചെയ്യുക

കേരളത്തിലെ കോളിനികളും ചേരികളും ജാതിവ്യവസ്ഥയെ സ്ഥിരമായി നിലനിർത്തുന്നു. ആധുനിക ജനാധിപത്യ സംവിധാനം പ്രധാനം ചെയ്യുന്ന എല്ലാ വിഭവാധികാരത്തിൽ നിന്നും ഈ ജാതിക്കോളനികൾ മുറിച്ചുമാറ്റപ്പെടുന്നു. കൃഷിഭൂമി, വനം/പ്രകൃതിസമ്പത്ത്, കടൽ–ജലസ്രോതസ്സുകൾ തുടങ്ങിയ പ്രകൃതിവിഭവങ്ങളിൽ നിന്നും കോളനി/ചേരിനിവാസികളെ അകറ്റിനിർത്തുന്നു. മനുഷ്യത്വരഹിതമായ ഈ കോളനികളിൽ നിന്നും കേരളത്തെ മോചിപ്പിക്കേണ്ടതുണ്ട്...

**ഭൂ അധികാര കൺവൻഷൻ പ്രഖ്യാപനം**

ഗുജറാത്തിലും ഇന്ത്യയുടെ പല മേഖലകളിലും സംഘപരിവാർ ശക്തികൾക്കും കോർപ്പറേറ്റുകൾക്കും എതിരെ 'ചലോ ഉന', 'ചലോ ഉടുപ്പി' തുടങ്ങിയ മുദ്രാവാക്യങ്ങൾ ഉയർത്തിക്കൊണ്ട് ആദിവാസികൾ, ദളിതർ, പിന്നോക്കക്കാർ, മതന്യൂനപക്ഷങ്ങൾ, സ്ത്രീകൾ, ട്രാൻസ്ജണ്ടറുകൾ, മറ്റ് ജനാധിപത്യ ശക്തികൾ തുടങ്ങിയവർ ശക്തമായ മുന്നേറ്റങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ കേരളത്തിൽ ആദിവാസികൾ, ദളിതർ, പിന്നോക്കക്കാർ, മതന്യൂനപക്ഷങ്ങൾ, സ്ത്രീകൾ, മറ്റ് പാർശ്വവത്കരിക്കപ്പെട്ടവർ 'ചലോ തിരുവനന്തപുരം' എന്ന മുദ്രാവാക്യമുയർത്തി ജാതിനശീകരണം, കോളനികളിലും ചേരികളിലും തളച്ചിടപ്പെട്ട ദളിത് ജീവിതത്തിന് അറുതിവരുത്തുക, സമഗ്ര ഭൂവിതരണം നടപ്പാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് പ്രക്ഷോഭം ആരംഭിച്ചിരിക്കുകയാണ്.

ഏറെ പുരോഗമനപരമെന്ന് ഖ്യാതി നേടിയ കേരള മോഡൽ വികസനത്തിന് വികൃതമായ മറ്റൊരു മുഖമുണ്ടെന്നത് ലജ്ജാകരമാണ്. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ വികസനകാര്യങ്ങളിൽ കേരള മോഡൽ വികസനം ഖ്യാതി നേടിയിട്ടുണ്ടെങ്കിലും ഭൂരഹിതരായ ദളിതർ, ആദിവാസികൾ, എസ്റ്റേറ്റ് തൊഴിലാളികൾ, മത്സ്യതൊഴിലാളികൾ, നഗരങ്ങളിലെ ചേരിനിവാസികൾ, ലക്ഷോപലക്ഷം വരുന്ന ഭവനരഹിതർ എന്നിവരെ അത് കേരളത്തിലുടനീളം സൃഷ്ടിച്ചിട്ടുണ്ട്. 'ദൈവത്തിന്റെ സ്വന്തം' നാട്ടിലെ ഈ അധോലോകം അധിനിവേശ (പാശ്ചാത്യ) ജാതിബോധത്തിന്റെ ശക്തമായ സ്വാധീനമുള്ള കമ്മ്യൂണിസ്റ്റ് പാർട്ടികൾ ഉൾപ്പെടെയുള്ള രാഷ്ട്രീയ ശക്തികളുടെ പ്രവർത്തനങ്ങളുടെ ബാക്കിപത്രമാണ്. ഇത് ജാതിവ്യവസ്ഥയുടെയും തൊഴിൽവിഭജനത്തിന്റേയും സ്ഥാപനവത്കരണവും വിപുലീകരണവുമല്ലാതെ മറ്റൊന്നുമല്ല.

ജന്മിത്തവും പാട്ടക്കുടിയായ്മ വ്യവസ്ഥയും അവസാനിപ്പിക്കാൻ ഡസൺ കണക്കിന് നിയമനിർമ്മാണം 1960 മുതൽ കമ്മ്യൂണിസ്റ്റ് പാർട്ടികൾ ഉൾപ്പെടെയുള്ള രാഷ്ട്രീയ നേതൃത്വങ്ങളുടെ മുൻകൈയിൽ നടന്നിട്ടുണ്ട്. കൃഷിഭൂമി കർഷകന് എന്ന ആവശ്യമുന്നയിച്ചുകൊണ്ട്, നിയമനിർമ്മാണത്തെ പിന്തുണച്ചുകൊണ്ട് സുദീർഘമായ ജനകീയ പ്രക്ഷോഭങ്ങളും കേരളത്തിൽ നടന്നിട്ടുണ്ട്. എന്നാൽ പ്രകൃതി-വനഭൂമിയിലുള്ള ആദിവാസികളുടെ അവകാശം; ദളിതർ–തോട്ടംതൊഴിലാളികൾ-കർഷകതൊഴിലാളികൾ, മത്സ്യതൊഴിലാളികൾ തുടങ്ങിയ പാരമ്പര്യ സമൂഹങ്ങളുടെ പ്രകൃതി, വനഭൂമി, സമുദ്രം, തണ്ണീർത്തടങ്ങൾ മറ്റ് പ്രകൃതിവിഭവങ്ങൾ എന്നിവയിലുള്ള അവകാശങ്ങൾ എന്നിവയെ സംബന്ധിക്കുന്ന ഒരു നിയമനിർമ്മാണവും നടത്തുന്നതിൽ കമ്മ്യൂണിസ്റ്റ് പാർട്ടികളും മറ്റ് രാഷ്ട്രീയ പാർട്ടികളും ദയനീയമായി പരാജയപ്പെട്ടു എന്നതാണ് യാഥാർത്ഥ്യം.

നമ്മുടെ പ്രകൃതിവിഭവങ്ങൾ, പശ്ചിമഘട്ട മലനിരകൾ, വനങ്ങൾ, ജലസ്രോതസ്സുകൾ മറ്റ് വിഭവങ്ങൾ തുടങ്ങിയവ അധിനിവേശശക്തികളും വൈദേശിക കോർപ്പറേറ്റുകളായ ഹാരിസൺ

ക്രോസ് ഫീൽഡ് തുടങ്ങിയ കമ്പനികളും ടാറ്റയെപ്പോലുള്ള കുത്തകകളും മറ്റ് ഭൂവുടമകളും കൊള്ളയടിക്കുന്നതിനെ പ്രതിരോധിക്കാൻ അവർ മറന്നുപോയി. ജന്മിത്തം അവസാനിപ്പിക്കുന്നതിന് വേണ്ടി ഭൂമി കൈവശം വയ്ക്കുന്നതിനുള്ള പരിധി നിശ്ചയിക്കുന്നതിനും പാട്ടക്കുടിയായ്മ അവസാനിപ്പിക്കുന്നതിനും ചില നിയമനിർമ്മാണങ്ങൾ അവർ നടത്തിയെങ്കിലും; ജന്മിത്തത്തിന്റെയും ജാതിമേധാവികൾക്ക് മേധാവിത്വമുള്ള ഭൂവുടമ സംവിധാനത്തിന്റെ ഭാഗമായി കെട്ടിയിടപ്പെട്ടവരായ ദളിതർ, ആദിവാസികൾ മറ്റ് കർഷക തൊഴിലാളികൾ എന്നിവരെ മണ്ണിൽ പണിയെടുക്കുന്നവർ (ഠശഹഹലൃ െീള വേല ഘമിറ) എന്ന് പരിഗണിച്ചിട്ടില്ല.

ഈ വിഭാഗക്കാരെ 'കുടികിടപ്പുകാർ' എന്ന് പ്രത്യേക ഗണമായി മാറ്റുകയും അവർക്ക് മൂന്ന് സെന്റ്, അഞ്ച് സെന്റ്, പത്ത് സെന്റ് തുടങ്ങിയ ക്രമത്തിൽ തുണ്ട് ഭൂമി നൽകാനുള്ള നിയമനിർമ്മാണം നടത്തുകയും ചെയ്തു. 1970ന് ശേഷം വനഭൂമി, സ്വകാര്യവനങ്ങൾ, മറ്റ് ഭീമമായ അളവിലുള്ള ഭൂമികൾ എന്നിവ വൻകിടക്കാർക്ക് കൈവശം വയ്ക്കാനുള്ള നിയമപരമായ സൗകര്യവും ഇതോടൊപ്പം ചെയ്തുകൊടുത്തു. ഇടനാടൻ പ്രദേശങ്ങളിലെ ഭൂമിയുടെ തുണ്ടുവത്കരണം (ൃമഴാലിമേശേീ), പശ്ചിമഘട്ട മേഖലയിലും പരിസരങ്ങളിലും വനഭൂമി വൻതോതിൽ എസ്റ്റേറ്റുകളാക്കി മാറ്റാൻ തോട്ടമുടമകൾക്കും ഭൂജന്മിമാർക്കും അനുമതി നൽകിയ നടപടി; ഉയർന്ന ജാതിക്കാർക്കും മധ്യമജാതിക്കാർക്കും കൃഷിഭൂമിയിൽ സ്ഥിരാവകാശം നൽകിയ നടപടി; ഭരണകൂടത്തിന്റെ പ്രകൃതിവിരുദ്ധമായ വികസന പദ്ധതികൾ തുടങ്ങിയ നടപടികളെല്ലാം മേൽപ്പറഞ്ഞ കോളനിവത്കരണത്തെ വിപുലീകരിച്ചുകൊണ്ടിരുന്നു. പ്രകൃതിവിഭവങ്ങളെ നേരിട്ട് ആശ്രയിച്ചു ജീവിച്ചുവന്നിരുന്ന ആദിവാസികൾ, ദളിതർ മറ്റ് പരമ്പരാഗത സമുദായങ്ങൾ എന്നിവരാണ് ഈ കോളനിവത്കരണത്തിന് വിധേയമായത് എന്നത് ഒരു യാഥാർത്ഥ്യമാണ്. ജിഷയെപ്പോലുള്ള പെൺകുട്ടികൾ ഈ കോളനിജീവതത്താൽ ക്രൂരമായി ഇരകളാക്കപ്പെട്ടവരാണ്. ഭരണഘടന അനുവദിക്കുന്ന മൗലീകാവകാശങ്ങൾ, മനുഷ്യാവകാശങ്ങൾ, മറ്റ് സാമൂഹിക സുരക്ഷാപദ്ധതികൾ എന്നിവയെല്ലാം ഈ കോളനിജീവിതത്തിൽ അകപ്പെട്ടവർക്ക് നിഷേധിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. കേരളത്തിന്റെ മറുവശമുള്ള ഈ ഇരുണ്ട യാഥാർത്ഥ്യം മറച്ചുവയ്ക്കാനാണ് കേരള മോഡലിന്റെ മഹത്വം നിരന്തരം രാഷ്ട്രീയപാർട്ടികൾ കൊട്ടിഘോഷിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ കഴിഞ്ഞ രണ്ട് ദശകത്തിലധികമായി ദളിതർ, ആദിവാസികൾ, മറ്റ് പാർശ്വവത്കരിപ്പെട്ടവർ തുടങ്ങിയവർ ജീവിക്കാനുള്ള അവകാശം പ്രകൃതിയിലും മണ്ണിലുമുള്ള തങ്ങളുടെ ജന്മാവകാശം തുടങ്ങിയവ ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ ഭരണകൂട സംവിധാനങ്ങൾ, കോർപ്പറേറ്റുകൾ, മറ്റ് എസ്റ്റേറ്റ് ഉടമകൾ എന്നിവർ പത്ത് ലക്ഷം ഏക്കറിലധികം ഭൂമി കൈവശം വച്ചുവരികയാണെന്ന യാഥാർത്ഥ്യം മാറിമാറി അധികാരത്തിൽ വന്ന രാഷ്ട്രീയ പാർട്ടികൾ മറച്ചുവച്ചിരിക്കുകയാണ്. ഹാരിസൺ, ടാറ്റ മറ്റ് എസ്റ്റേറ്റ് ഉടമകൾ എന്നിവർ നിയമവിരുദ്ധമായും വ്യാജരേഖകൾ ചമച്ചുമാണ് അഞ്ച് ലക്ഷം എക്കറിലധികം ഭൂമി വർഷങ്ങളായി ഉപയോഗിച്ചുവന്നിരുന്നതെന്ന ചില ഔദ്യോഗിക കമ്മീഷൻ റിപ്പോർട്ടുകൾ ജനാധിപത്യ കേരളത്തിന് തന്നെ അപമാനമാണ്. രാജമാണിക്യം കമ്മീഷൻ റിപ്പോർട്ടനുസരിച്ച് മേൽപ്പറഞ്ഞ അഞ്ച് ലക്ഷം ഏക്കർ ഭൂമി ഉടനടി ഏറ്റെടുക്കുകയും പാവപ്പെട്ടവർക്ക് നൽകുകയും ചെയ്യേണ്ടതാണെന്ന് വ്യക്തമമാക്കിയിട്ടുണ്ട്.

കഴിഞ്ഞ രണ്ട് ദശകമായി കേരളത്തിലെ ദളിതർ, ആദിവാസികൾ, മറ്റ് ഭൂരഹിതരായ ജനവിഭാഗങ്ങൾ എന്നിവർ കൃഷിഭൂമിക്ക് വേണ്ടി അഹിംസാത്മകമായ സമരം തുടർന്നുവരികയാണ്. പട്ടിണി മാറ്റാനും കൃഷിഭൂമി ലഭിക്കാനും കോളനികളിൽ നിന്ന് മോചനം കിട്ടാനും എണ്ണമറ്റ സമരങ്ങൾ കേരളത്തിൽ നടന്നിട്ടുണ്ട്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ 50,000ൽ അധികം ഭൂരഹിതർ പലവിധ സമരങ്ങളിൽ പങ്കാളികളായതായി കണക്കാക്കപ്പെടുന്നു; ആയിരക്കണക്കിന് ഭൂരഹിതർ അറസ്റ്റുചെയ്യപ്പെടുകയും ജയിലിലടക്കപ്പെടുകയും ചെയ്യപ്പെട്ടിരുന്നു; നിരവധിപേർ ക്രൂരമായ അതിക്രമത്തിന് ഇരയാവുകയും വെടിവയ്പ്പിൽ കൊല്ലപ്പെടുകയും ചെയ്തിട്ടുണ്ട്; നൂറുകണക്കിന് കുട്ടികൾ ജയിലിലടയ്ക്കപ്പെട്ടിട്ടുണ്ട്; ആയിരക്കണക്കിന് സ്ത്രീകൾ ജയിലിലടയ്ക്കപ്പെട്ടിട്ടുണ്ട്; സത്യാഗ്രഹം, അഭയാർത്ഥിക്യാമ്പുകൾ, ഭൂമി പിടിച്ചെടുക്കൽ സമരങ്ങൾ, ആത്മാഹൂതി ശ്രമങ്ങൾ, നിൽപ്പ് സമരങ്ങൾ തുടങ്ങിയ നിരവധി സഹനസമര രൂപങ്ങൾ ജനങ്ങൾ നടത്തിയിട്ടുണ്ട്. നിരവധി പാക്കേജുകളും പുനരധിവാസ പദ്ധതികളും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ആദിവാസി, ദളിത് വിഭാഗങ്ങളുമായി നിരവധി കരാറുകളിലും ഉടമ്പടികളിലും സർക്കാർ ഏർപ്പെട്ടിട്ടുണ്ട്. മുത്തങ്ങ, ചെങ്ങറ, അരിപ്പ ഭൂസമരങ്ങൾ മേൽപ്പറഞ്ഞ സമരചരിത്രത്തിലെ നാഴികക്കല്ലുകളാണ്. എല്ലാ സമരങ്ങളും ഒറ്റ ആവശ്യത്തിൽ വന്ന് മുട്ടിനിന്നു. ദളിതർ, ആദിവാസികൾ, എസ്റ്റേറ്റ് തൊഴിലാളികൾ, ഫാം തൊഴിലാളികൾ, സ്ത്രീകൾ, ന്യൂനപക്ഷങ്ങൾ എന്നിവർക്ക് ഭൂമിയിലുള്ള അവകാശം, വനാവകാശം എന്നതാണ് ആ ആവശ്യം. ഈ സമരങ്ങളെല്ലാം ജാതിവ്യവസ്ഥയുടെ അടിസ്ഥാനത്തിലുള്ള തൊഴിൽ വിഭജനവും ജാതിവ്യവസ്ഥയും അവസാനിപ്പിക്കാനുള്ള സമരങ്ങളായിരുന്നു. കേരളത്തിലെ രാഷ്ട്രീയ പാർട്ടികൾ വഴി സ്ഥാപിച്ചെടുത്തിട്ടുള്ള ജാതിവ്യവസ്ഥയുടെ അടിവേരിൽ ആഘാതമേൽപ്പിച്ച സമരങ്ങളായിരുന്നു. 'പശുവിന്റെ വാൽ നിങ്ങളെടുത്തുകൊള്ളൂ. ഞങ്ങളുടെ ഭൂമി ഞങ്ങൾക്ക് തിരിച്ചുതരൂ' എന്ന് ഉനയിൽ പൊട്ടിപ്പുറപ്പെട്ട മുദ്രാവാക്യത്തിന്റെ അന്തഃസത്തയുമായി ഈ

സമരങ്ങളെല്ലാം യോജിച്ചുപോരുന്നുണ്ട്.

ഇടത്-വലത് രാഷ്ട്രീയ പാർട്ടികൾ ഇപ്പോഴും ജാതിവ്യവസ്ഥയുടെ തടവറയിലാണ്. ഇവർ ഇപ്പോഴും ജാതി ബോധത്തിന്റെയും കൊളോണിയൽ ചിന്തകളുടെയും സ്വാധീനമുള്ള രാഷ്ട്രീയ പദ്ധതികളിലൂടെയാണ് മുന്നോട്ടുപോകുന്നത്. കേരളത്തിൽ തുടർന്നുകൊണ്ടിരിക്കുന്ന ഭൂസമരങ്ങളുടെ അർത്ഥതലങ്ങൾ അവർക്കിപ്പോഴും തിരിച്ചറിയാൻ കഴിഞ്ഞില്ല എന്നത് ഖേദകരമാണ്. കേരളത്തിലെ ഭൂവുടമസ്ഥതയിൽ മൗലികമായ ഒരു അഴിച്ചുപണി അനിവാര്യമാണെന്ന് തിരിച്ചറിയാൻ കഴിയാത്തതും ഖേദകരമാണ്. ദളിതർ, ആദിവാസികൾ, തോട്ടം തൊഴിലാളികൾ, ഫാം തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, സ്ത്രീകൾ, ന്യൂനപക്ഷങ്ങൾ എന്നിവർക്കുവേണ്ടി നാല് ലക്ഷം വീടുകൾ നിർമ്മിക്കാനുള്ള സമഗ്ര പാർപ്പിട പദ്ധതിയാണ് സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്. ആദിവാസികളും മത്സ്യത്തൊഴിലാളികളും ഫ്ളാറ്റ് സമുച്ചയങ്ങളിൽ താമസിക്കണമെന്നാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. ഇത് യു.ഡി.എഫ് സർക്കാരിന്റെ 'ഭൂമി കേരളം' പദ്ധതിയിൽ നിന്നും ഒട്ടും ഭിന്നമല്ല. പ്രസ്തുത പദ്ധതിയനുസരിച്ച് രണ്ട് ലക്ഷം പേർക്കാണ് പാർപ്പിട പദ്ധതി നിർദ്ദേശിച്ചിരുന്നത്. ഭൂരഹിതരുടെ പ്രശ്നം പരിഹരിക്കാൻ ലക്ഷക്കണക്കിന് ഏക്കർ ഭൂമിയിൽ നിന്നും 500 ഏക്കർ ഭൂമി മാത്രം മാറ്റിവയ്ക്കാനുള്ള തട്ടിപ്പ് പദ്ധതിയാണിത്. നിലവിലുള്ള അരലക്ഷത്തോളം കോളനികളേയും ചേരികളേയും വിപുലീകരിക്കുകയാണ് ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. ഇത് ജാതിവ്യവസ്ഥയെ ശാശ്വതസത്യമായി സ്ഥാപിക്കുന്നതിന്റെ ഭാഗമാണ്.

കേരളത്തിലെ കോളിനികളും ചേരികളും ജാതിവ്യവസ്ഥയെ സ്ഥിരമായി നിലനിർത്തുന്നു. ആധുനിക ജനാധിപത്യ സംവിധാനം പ്രധാനം ചെയ്യുന്ന എല്ലാ വിഭവാധികാരത്തിൽ നിന്നും ഈ ജാതിക്കോളനികൾ മുറിച്ചുമാറ്റപ്പെടുന്നു. കൃഷിഭൂമി, വനം/പ്രകൃതിസമ്പത്ത്, കടൽ-ജലസ്രോതസ്സുകൾ തുടങ്ങിയ പ്രകൃതിവിഭവങ്ങളിൽ നിന്നും കോളനി/ചേരിനിവാസികളെ അകറ്റിനിർത്തുന്നു. മാത്രമല്ല വൈവിദ്ധ്യമാർന്ന ഉപജീവന സാദ്ധ്യതകൾ, തൊഴിൽ സാദ്ധ്യതകൾ, സാംസ്കാരിക വിഭവങ്ങൾ, സാമൂഹിക സുരക്ഷ എന്നിവയിൽ നിന്നും ഇവർ അറത്തുമാറ്റപ്പെടുന്നു. ഈ സാമൂഹികക്രമം ഇടതും വലതുമായ രാഷ്ട്രീയ മുന്നണികൾ നിരന്തരം നിലനിർത്താൻ വെമ്പൽ കാട്ടുന്നു. ജാതി-മത-വർഗ്ഗീയ ശക്തികളുടെ സ്വാധീനത്താൽ രാഷ്ട്രീയ പാർട്ടികൾ ദളിത്-ആദിവാസി-പാർശ്വവത്കൃത വിഭാഗങ്ങളുടെ പൊതുവിദ്യാഭ്യാസം, എയ്ഡഡ് വിദ്യഭ്യാസം തുടങ്ങിയ മേഖലയിലേക്കുള്ള പ്രവേശനം പ്രതിരോധിച്ചുവരുന്നു. ഗവൺമെന്റ് പ്ലീഡർമാരെ നിയമിക്കുന്നതിനായി തയ്യാറാക്കി സർക്കാരിന് അഡ്വക്കേറ്റ് ജനറൽ സമർപ്പിച്ച പാനലിലുള്ള 44 ദളിത്-ആദിവാസി വിഭാഗക്കാരിൽ നിന്നും 40 പേരെ സർക്കാർ ഒഴിവാക്കിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബഡ്ജറ്റ് വിഹിതം മാറ്റിവയ്ക്കുന്ന എസ്.സി.പി/ടി.എസ്.പി പദ്ധതിയനുസരിച്ചുള്ള ഫണ്ട് ദളിത്-ആദിവാസി വിഭാഗങ്ങളിലേക്ക് എത്തുന്നത് രാഷ്ട്രീയ പ്രസ്ഥാനങ്ങൾ പ്രതിരോധിക്കുന്നതായി കാണുന്നു. ദളിത്-ആദിവാസി-സ്ത്രീവിഭാഗങ്ങൾക്ക് വേണ്ടിയുള്ള സവിശേഷമായ പൗരാവകാശ നിയമങ്ങളും നടപ്പാക്കപ്പെടുന്നില്ല. ക്രൂരമായി കൊല ചെയ്യപ്പെട്ട ജിഷ, സൗമ്യ എന്നുവരുടെ കുടുംബങ്ങൾക്ക് നീതി നൽകുന്നതിലും പരാജയപ്പെട്ടു. ദളിത് ജീവിതസാഹചര്യം തുടർന്നും നിലനിർത്തുന്നതിൽ അവർ ശ്രദ്ധാലുക്കളാണ്.

'ചലോ ഉന' പ്രസ്ഥാനത്തിൽ നമ്മൾ ഭൂമിക്കും അന്തസ്സിനും വേണ്ടിയുള്ള മുദ്രാവാക്യമുയർത്തി. 'ചലോ ഉടുപ്പി' പ്രസ്ഥാനത്തിൽ സംഘപരിവാറിന്റെ സംഘടിത അക്രമത്തിനെതിരെ ജനകീയ മുന്നേറ്റം നടത്തി. 'ചലോ തിരുവനന്തപുരം' പ്രസ്ഥാനത്തിൽ നാം ദളിതർ, ആദിവാസികൾ, ഭൂരഹിതരായ തോട്ടം തൊഴിലാളികൾ, കർഷക തൊഴിലാളികൾ, ന്യൂനപക്ഷങ്ങൾ, സ്ത്രീകൾ എന്നിവർക്കെല്ലാം അന്തസ്സായി ജീവിക്കാനുള്ള അഞ്ചേക്കർ ഭൂമി ആവശ്യപ്പെടുന്നു. കേരളത്തെ മനുഷ്യത്വരഹിതമായ കോളനികളിൽ നിന്നും ചേരികളിൽ നിന്നും മോചിപ്പിക്കാനും ജാതിക്കോളനികൾക്ക് അറുതിവരുത്താനും നാം 'ചലോ തിരുവനന്തപുരം' പ്രസ്ഥാനത്തിലൂടെ ആവശ്യപ്പെടുന്നു. ജീവിക്കാനുള്ള കൃഷിഭൂമിയും അന്തസ്സുള്ള തൊഴിലുമാണ് 'ചലോ തിരുവനന്തപുരത്തി'ലൂടെ നാം ആവശ്യപ്പെടുന്നത്. വിദ്യാഭ്യാസം, സേവനം തുടങ്ങിയ മേഖലകൾ ഉൾപ്പെടെ സമഗ്രമേഖലയിലും നാം സാമൂഹികനീതി എന്ന ആവശ്യം 'ചലോ തിരുവനന്തപുരം' പ്രസ്ഥാനത്തിലൂടെ ഉന്നയിക്കുന്നു.

മുത്തങ്ങ, ചെങ്ങറ, അരിപ്പ തുടങ്ങിയ സമരങ്ങളുടെ സുദീർഘമായ ഒരു സമരചരിത്രം കേരളത്തിലുണ്ട്. കേരളത്തിലേയും ഇന്ത്യയിലേയും മർദ്ദിത ജനവിഭാഗങ്ങൾക്ക് വേണ്ടി 2017 ജനുവരി 26ന് 'ചലോ തിരുവനന്തപുരം' പ്രസ്ഥാനത്തിന് തുടക്കം കുറിക്കുമെന്ന് നാമിന്ന് പ്രഖ്യാപിക്കുന്നു. മുത്തങ്ങ-ചെങ്ങറ-അരിപ്പ തുടങ്ങിയ സമരങ്ങളുടെ സംഗമവേദിയിൽ നമ്മൾ ഈ സമര പ്രഖ്യാപനം നടത്തുന്നതാണ്. തുടർന്ന് ഭൂമിക്കുവേണ്ടിയുള്ള ലോങ്ങ് മാർച്ച്/പദയാത്രയും കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നടത്തുന്നതാണ്. 2017 ജനുവരി അന്ത്യത്തിൽ ആരംഭിക്കുന്ന പദയാത്ര കേരളത്തിലെ ഭൂരഹിതരായ കോളനിവാസികളേയും ചേരിനിവാസികളേയും ഉണർത്തിക്കൊണ്ട് വമ്പിച്ച മുന്നേറ്റമായി നമുക്ക് മാറ്റാം. ■

**'ചലോ തിരുവനന്തപുരം'** പരിപാടിയെക്കുറിച്ച് ആലോചിക്കുന്നതിന് വിപുലമായ യോഗം
**2016 നവംബർ 26ന്**
**എറണാകുളം കെ.എസ്.ഇ.ബി ഹാളിൽ** ചേരുന്നു.
*ബന്ധങ്ങൾക്ക്:9048159590*